# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4377 21.03.2018-ൽ മറുപടിയ്ക്ക്

## സ്വദേശിവൽക്കരണം മൂലം തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസിമലയാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ബഷീർ<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.സി. മമ്മൂട്ടി<br>ശ്രീ.എൻ.ഷംസുദീൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഗൾഫ് രാജ്യങ്ങളിൽ പലയിടത്തും വ്യാപകമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന സ്വദേശിവൽക്കരണം സംസ്ഥാനത്ത് സൃഷ്ടിക്കാനിടയുള്ള സാമൂഹിക-സാമ്പത്തിക പ്രത്യാഘാതത്തെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഗൾഫ് രാജ്യങ്ങളിലെ പ്രവാസി മലയാളികൾക്കിടയിൽ ഉണ്ടായ തൊഴിൽ നഷ്ടവും, സാമ്പത്തിക നഷ്ടവും മൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടത്തിന്റെ യഥാർത്ഥ കണക്ക് ലഭ്യമല്ല. ഇത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ ആഘാതം ഉണ്ടാക്കുമെന്ന് കരുതുന്നു. |
| (ബി) തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസികളുടെ ആശങ്കയകറ്റാനും അവരെ പുനരധിവസിപ്പിക്കുന്നതിനുമായി ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) താരതമ്യേന അവിദഗ്ധ തൊഴിലാളികളാണ് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളിൽ ഭൂരിഭാഗവും എന്ന് കണക്കാക്കുന്നു. അതിനാൽ തന്നെ ഗൾഫ് രാജ്യങ്ങൾക്കുപരിയായി മറ്റു വികസിത രാജ്യങ്ങളിലും ഉയർന്നു വരുന്ന സെമി സ്കിൽഡ്/സ്കിൽഡ് തൊഴിൽ അവസരങ്ങൾ കൂടുതൽ കണ്ടെത്തി അതിലേയ്ക്ക് കേരളത്തിൽ നിന്നുള്ള റിക്രൂട്ട്മെന്റ് പ്രോത്സാഹിപ്പിക്കുക എന്നതാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. നോർക്ക റൂട്ട്സിൽ നിലവിലുള്ള ജോബ് പോർട്ടൽ പദ്ധതിയും മാർക്കറ്റ് ഇന്റലിജൻസ് പദ്ധതിയും പുനരാവിഷ്കരിച്ച് മേൽ ഉദ്ദേശ ലക്ഷ്യങ്ങൾ നേടാവുന്നതാണ്. മടങ്ങി വന്ന പ്രവാസികളുടെ പുനരധിവാസത്തിനായി 11.03.2013ലെ ജി.ഒ (ആർ.ടി) നം. 75/2013/നോർക്ക നം. ഉത്തരവ് പ്രകാരം നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ്(NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് |

| | | |
|---|---|---|
| | | ശേഷം തിരികെവന്ന പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. നിലവിൽ നോർക്ക റൂട്ട്സും സൗത്ത് ഇൻഡ്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നീ ബാങ്കുകളുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നല്കിയാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മേൽപ്പറഞ്ഞ ദേശസാൽകൃത ബാങ്കുകൾക്ക് പുറമേ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എന്നിവരുമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്ട് തയ്യാറാക്കുന്നതിൽ സഹായകവും ബാങ്കുകളുടെ ആവശ്യങ്ങൾ അനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സഹായിച്ചു വരുന്നു. |
| സി) | നിലവിൽ പ്രവാസി പുനരധിവാസത്തിന് കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നല്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | സി) ഇല്ല. പ്രവാസി പുനരധിവാസത്തിന് നിലവിൽ കേരള സർക്കാർ ഫണ്ടാണ് ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ